അല്ലാഹുവിന്റെ ഗുണനാമങ്ങളെ കുറിച്ച് അറിവുള്ള ഒരു വിശ്വാസിക്ക് 'കാഫി' എന്നത് അല്ലാഹുവിന്റെ ഒരു ഗുണനാമമാണെന്ന് അറിയാം. എന്നാൽ അല്ലാഹുവിന്റെ ഗുണനാമങ്ങളെ കുറിച്ച് ശരിക്കും പരിജ്ഞാനമില്ലാത്തവരും ചുറ്റുപാടിന്റെ സ്വാധീനത്താൽ അല്ലാഹുവിന്റെ ചില ഗുണനാമങ്ങളെ മുൻനിർത്തി സംസാരിക്കാറുണ്ട്. അവന്റെ കാഫി (എല്ലാത്തിനും മതിയായവൻ) എന്ന ഗുണനാമവും ഒരു മുസൽമാന്റെ സംസാരത്തിൽ വരാറുള്ളതാണ്. ബാഹ്യമായ രീതിയിലാണെങ്കിലും ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന കാര്യത്തെകുറിച്ച് സംസാരിക്കുമ്പോൾ അല്ലാഹു നമുക്ക് മതിയായവനാണെന്ന് പറയാറുണ്ട്. എന്നാൽ അല്ലാഹുവിന്റെ ഗുണനാമങ്ങളെ കുറിച്ച് പരിജ്ഞാനമുള്ള ഒരു യഥാർത്ഥവിശ്വാസി അല്ലാഹുവിന്റെ ഗുണനാമങ്ങളെ കുറിച്ച് സംസാരിക്കുമ്പോൾ അതിനെ ശരിക്കും ഉൾക്കൊണ്ടുകൊണ്ടാണ് സംസാരിക്കുന്നത്. كَافِی എന്ന ഗുണനാമം വിശുദ്ധ ഖുർആനിൽ അല്ലാഹു വിവിധ സൂറത്തുകളിൽ വിവിധ സന്ദർഭങ്ങളിൽ പരാമർശിച്ചിട്ടുണ്ട്.

ഭാഷാനിഘണ്ടുകർത്താക്കൾ كَافِی എന്ന പദത്തിന് വിവിധ അർത്ഥങ്ങൾ നൽകിയിട്ടുണ്ട്. എല്ലാവരുടേയും അറിവിലേക്കായി ഇതിന്റെ വിവിധ അർത്ഥങ്ങൾ ചുരുങ്ങിയ രീതിയിൽ ഞാൻ കേൾപ്പിക്കുകയാണ്. *കഫാ* എന്നാൽ ഏതെങ്കിലും ഒരു വസ്തു നമുക്ക് ആവശ്യത്തിന് മതിയായതായിത്തീരുന്നതിനാണ് പറയുക. ഏതെങ്കിലും ഒരു അസ്തിത്വത്തിൽ പൂർണ്ണമായും തൃപ്തിപ്പെടുക എന്നും ഇതിന്നർത്ഥമുണ്ട്. മനുഷ്യന്റെ ആവശ്യങ്ങൾ പൂർത്തീകരിച്ച് കൊടുക്കുന്നത് അല്ലാഹുവാണെന്ന് നമുക്കറിയാം. അതേ പോലെ മനുഷ്യനെ പൂർണ്ണമായും തൃപ്തിപ്പെടുത്തുന്നതും അവന്റെ അസ്തിത്വമല്ലാതെ മറ്റൊന്നുമല്ല. അല്ലാഹു അല്ലാതെ മറ്റൊരു അസ്തിത്വത്തിന്റെ അനുഗ്രഹലബ്ദിയിൽ ഒരിക്കലും മനുഷ്യന് ആശ്രയിക്കാൻ സാധ്യമല്ല.

ഞാൻ 'ലയിൻ' എന്ന ഇംഗ്ലീഷ് അറബി നിഘണ്ടുവിൽ നിന്നാണ് ഈ അർത്ഥം എടുത്തിട്ടുള്ളത്. വിവിധ നിഘണ്ടുകളിലുള്ള അർത്ഥങ്ങൾ ഇതിൽ എടുത്ത് ചേർത്തിട്ടുണ്ട്. كَفَانِی فُلَانٌ الْاَمْرُ ഒരു പ്രത്യേക കാര്യത്തിൽ ഇന്ന വ്യക്തിയിൽ ഞാൻ പൂർണ്ണമായും വിശ്വാസമർപ്പിച്ചു. നല്ല കാര്യമാണെങ്കിൽ ആ വ്യക്തി മുഖേന അതു കരസ്ഥമാക്കി. ഇനി മോശമാണെങ്കിൽ ആ വ്യക്തി മുഖേന അതിൽ നിന്നും രക്ഷപ്പെടുകയുമുണ്ടായി. ചില സന്ദർഭങ്ങളിൽ പരിമിതമായ ആവശ്യങ്ങൾക്കായി ചില വ്യക്തികൾ നമുക്ക് സഹായകമായിത്തീരാറുണ്ട്. എന്നിരുന്നാലും പൂർണ്ണമായും ആശ്രയിക്കാൻ ഉതകുന്നത് അല്ലാഹുവിന്റെ അസ്തിത്വം ഒന്ന് മാത്രമാണ്. അല്ലാഹുവിലേക്ക് നാം അടുക്കുമ്പോൾ നന്മതിന്മകളെക്കുറിച്ചുള്ള അറിവ് നമുക്കുണ്ടായിത്തീരുന്നു. നന്മതിന്മകളെ കുറിച്ച് അല്ലാഹു വിശുദ്ധഖുർആനിൽ നമുക്ക് വിവരിച്ചു തരികയും ചെയ്തിട്ടുണ്ട്. മറ്റൊരർത്ഥം എഴുതിയിരിക്കുന്നത് كَفَى مِنْ എന്നാണ്. ഏതെങ്കിലും ഒരു വസ്തുവിനെ ഒന്നിൽനിന്നും അകറ്റിക്കൊണ്ട് അതിനെ സംരക്ഷിക്കുകയും സുരക്ഷിതമാക്കുകയും ചെയ്യുക. كَفَاءُ الشَّرَّ എന്ന് പറഞ്ഞാൽ തിന്മയെ തന്നിൽനിന്ന് അകറ്റുക എന്നാണ്. അതിന്റെ മറ്റൊരർത്ഥം അതിനെ തടയുകയും അതിൽ നിന്ന് സ്വതന്ത്രമാകുകയും ചെയ്യുക. ഈ അർത്ഥം അല്ലാഹുവിനു വേണ്ടിയും മനുഷ്യർക്കുവേണ്ടിയും ഉപയോഗിക്കാറുണ്ട്. (ഈ നിഘണ്ടുവിന്റെ അടിസ്ഥാനത്തിലാണ് ഇത് പറയുന്നത്)

ലിസാനുൽ അറബ് എന്ന നിഘണ്ടുവിൽ ഒരു ഹദീസ് ഉദ്ധരിച്ചുകൊണ്ട് ഇതിന്റെ അർത്ഥം വിശദീകരിച്ചിട്ടുണ്ട്. ആ ഹദീസ് ഇപ്രകാരമാണ്.

مَنْ قَرَاَ بِالْآ يَتَيْنِ مِنْ آخِرِ سُوْرَةِ الْبَقَرَةِ فِيْ لَيْلَةٍ كَفَتَاهُ

ആരാണോ രാത്രിയിൽ സൂറത്തുൽ ബഖറയിലെ അവസാന രണ്ട് ആയത്തുകൾ പാരായണം ചെയ്തത് അത് അവർക്ക് മതിയായിത്തീരുന്നതാണ്. അതായത് ഈ രണ്ട് ആയത്തുകൾ രാത്രി നമസ്കാരത്തിന് പകരമായിത്തീരുന്നതാണ്. ചിലർ ഇതിന് അർത്ഥം നൽകിയിരിക്കുന്നത് രാത്രിയിലെ നമസ്കാരത്തിൽ ചുരുങ്ങിയത് ഈ രണ്ട് ആയത്തുകളെങ്കിലും പാരായണം ചെയ്താൽ മതിയെന്നാണ്. മറ്റുചിലർ നൽകിയിരിക്കുന്ന അർത്ഥം തിന്മയെ നേരിടാൻ ഈ രണ്ട് ആയത്തുകൾ മതിയാകുന്നതാണെന്നാണ്. അത് നിഷിദ്ധകാര്യങ്ങളിൽ നിന്നും മനുഷ്യനെ തടയുന്നതാണ്.

ഈ ആയത്തുകളെക്കുറിച്ച് ചിന്തിക്കുമ്പോൾ പല കാര്യങ്ങളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലാകുന്നതാണ്. ഇതിൽ പ്രാർത്ഥനയുണ്ട്. തിന്മകളിൽനിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങൾ പറഞ്ഞുതരുന്നുണ്ട്. വിശ്വാസദൃഢീകരണത്തിനുള്ള മാർഗങ്ങളും ഇതിൽ വിവരിക്കുന്നുണ്ട്. മുകളിൽ പറഞ്ഞ ഹദീസിന്റെ വെളിച്ചത്തിൽ ചില ചോദ്യങ്ങൾ ഉയരാൻ സാധ്യതയുണ്ട്. ഈ രണ്ട് ആയത്തുകൾ മാത്രം ഓതിയാൽ മതിയോ, മറ്റൊന്നും വേണ്ടേ എന്ന്. അതുകൊണ്ട് ഈ ആയത്തുകളെ കുറിച്ച് അൽപ്പം വിശദീകരിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. സൂറ ബഖറയിലെ അവസാനത്തെ രണ്ട് ആയത്തുകൾ ഇവയാണ്.

ءَامَنَ ٱلرَّسُولُ بِمَآ أُنزِلَ إِلَيۡهِ مِن
رَّبِّهِۦ وَٱلۡمُؤۡمِنُونَۚ كُلٌّ ءَامَنَ بِٱللَّهِ وَمَلَـٰٓٮِٕكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ لَا
نُفَرِّقُ بَيۡنَ أَحَدٍ۬ مِّن رُّسُلِهِۦۚ وَقَالُواْ سَمِعۡنَا وَأَطَعۡنَاۖ غُفۡرَانَكَ رَبَّنَا
وَإِلَيۡكَ ٱلۡمَصِيرُ ﴿٢٨٥﴾ لَا يُكَلِّفُ ٱللَّهُ نَفۡسًا إِلَّا وُسۡعَهَاۚ لَهَا مَا

كَسَبَتْ وَعَلَيْهَا مَا ٱكْتَسَبَتْ ۗ رَبَّنَا لَا تُؤَاخِذْنَآ إِن نَّسِينَآ أَوْ أَخْطَأْنَا ۚ
رَبَّنَا وَلَا تَحْمِلْ عَلَيْنَآ إِصْرًا كَمَا حَمَلْتَهُۥ عَلَى ٱلَّذِينَ مِن قَبْلِنَا ۚ
رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِۦ ۖ وَٱعْفُ عَنَّا وَٱغْفِرْ لَنَا
وَٱرْحَمْنَآ ۚ أَنتَ مَوْلَىٰنَا فَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَٰفِرِينَ ﴿٢٨٧﴾

ഈ ആയത്തുകളുടെ അർത്ഥം ഇപ്രകാരമാണ്. നമ്മുടെ ഈ ദൂതൻ തന്റെ നാഥനിൽനിന്ന് അദ്ദേഹത്തിന് അവതരിപ്പിക്കപ്പെട്ടതിൽ വിശ്വസിക്കുന്നു. (മറ്റുള്ള) സത്യ വിശ്വാസികളും വിശ്വസിക്കുന്നു. (അവർ) എല്ലാവരും അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദ ങ്ങളിലും, അവന്റെ ദൂതൻമാരിലും വിശ്വസിക്കുന്നു. 'അല്ലാഹുവിന്റെ ദൂതന്മാരിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കൽപ്പിക്കുന്നില്ല' (എന്നവർ പറയുന്നു) 'ഞങ്ങൾ കേൾക്കുകയും (ഹൃദയപൂർവ്വം) അനുസരിക്കു കയും ചെയ്തിരിക്കുന്നു' എന്നും അവർ പറയുന്നു. 'ഞങ്ങളുടെ നാഥാ, നിന്നിൽ നിന്നുള്ള പാപപ്പൊറുതി ക്കായി ഞങ്ങൾ അർത്ഥിക്കുന്നു. നിങ്കലേക്ക് തന്നെ യാണ് മടക്കം' (എന്നവർ പ്രാർത്ഥിക്കുകയും ചെയ്യുന്നു)

അല്ലാഹു ഒരാൾക്കും അവന്റെ കഴിവിൽപ്പെട്ടതല്ലാതെ ഉത്തരവാദിത്തം ഏൽപ്പിക്കുന്നില്ല. അവൻ പ്രവർത്തിച്ച സൽകർമ്മത്തിന്റെ ഫലം അവന് ലഭിക്കുന്നതാണ്. അവൻ പ്രവർത്തിച്ച ദുഷ്കർമ്മത്തിന്റെ ശിക്ഷയും അവന് അനുഭവിക്കേണ്ടിവരുന്നതാണ്. (അവർ ഇങ്ങനെ പ്രാർ ത്ഥിക്കുന്നു) ഞങ്ങളുടെ നാഥാ! ഞങ്ങൾ മറന്നുപോകു കയോ തെറ്റുചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഞങ്ങളെ ശിക്ഷിക്കരുതേ. ഞങ്ങൾക്കുമുൻപുണ്ടായിരുന്നവരുടെ മേൽ ചുമത്തിയതുപോലുള്ള ഉത്തരവാദിത്തം ഞങ്ങ ളുടെ മേൽ ചുമത്തരുതേ. ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് വഹിക്കാൻ കഴിവില്ലാത്ത (ഭാരം) ഞങ്ങളുടെ മേൽ ചുമ ത്തരുതേ. ഞങ്ങൾക്ക് മാപ്പുനൽകേണമേ; ഞങ്ങൾക്ക് പൊറുത്തുതരേണമേ; ഞങ്ങളോട് കരുണ ചൊരിയേ ണമേ; നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതിനാൽ സത്യനിഷേധികളായ ജനങ്ങൾക്കെതിരിൽ ഞങ്ങളെ സഹായിക്കേണമേ; (2:286,287)

തിരുനബി(സ) രാത്രിയിൽ ഈ രണ്ട് ആയത്തുകൾ ഓതി യാൽ അത് അവർക്ക് മതിയാകുന്നതാണെന്ന് പറയാനുള്ള കാരണം എന്താണെന്ന് ഇതിൽനിന്നും നമുക്ക് മനസ്സിലാകു ന്നതാണ്. ആദ്യത്തെ വചനത്തിൽ നഫ്സിനെ വിശുദ്ധീകരി ക്കുന്നതിലേക്കാണ് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. അതിൽ പറയുന്നത് അല്ലാഹുവിൽ വിശ്വസിക്കുക, അവന്റെ മലക്കു കളിൽ വിശ്വസിക്കുക, അവന്റെ ഗ്രന്ഥങ്ങളിൽ വിശ്വസി ക്കുക, അവന്റെ പ്രവാചകൻമാരിലും വിശ്വസിക്കുക എന്നാണ്. വിശ്വാസപൂർത്തീകരണത്തിനായുള്ള മാർഗങ്ങ ളാണിവ. വെറും നാവുകൊണ്ടുള്ള വാചക കസർത്തുകൾ മാത്രം പോരാ, മറിച്ച് പ്രമാണപരവും കർമ്മപരവുമായ വിശ്വാസം അനിവാര്യമാണ്. തഖ്‌വയിൽ മുന്നേറുമ്പോഴാണ് അല്ലാഹുവിലുള്ള വിശ്വാസം ദൃഢമായിത്തീരുക എന്ന കാര്യം എപ്പോഴും ഓർമ്മയിലിരിക്കേണ്ടതാണ്. മലക്കുകളി ലുള്ള വിശ്വാസം എന്നാൽ മലക്കുകളുടെ പ്രവർത്തന ങ്ങളൊന്നും തന്നെ നിലച്ചിട്ടില്ല എന്നും അവരുടെ ജോലി കൾ അവർ ഇന്നും അനുസ്യൂതം ചെയ്തുകൊണ്ടി രിക്കുണ്ടെന്നും വിശ്വസിക്കുക എന്നതാണ്. മുമ്പുള്ള പ്രവാ ചകന്മാർക്ക് ഇറക്കപ്പെട്ട ഗ്രന്ഥങ്ങൾ എല്ലാം തന്നെ അല്ലാ ഹുവിൽ നിന്നുള്ളതാണെന്ന് വിശ്വസിക്കണം. അതിൽ പിന്നീടുള്ള കാലത്ത് പല മാറ്റിത്തിരുത്തലുകളും വന്നിട്ടു ണ്ടെങ്കിലും അത് ആരംഭത്തിൽ പ്രവാചകന്മാർക്ക് അല്ലാ ഹുവിൽ നിന്ന് തന്നെ ഇറക്കപ്പെട്ടതായിരുന്നു. ആ ഗ്രന്ഥങ്ങ ളിൽ അടങ്ങിയിരുന്ന എല്ലാ നല്ല അദ്ധ്യാപനങ്ങളും അല്ലാഹു വിശുദ്ധ ഖുർആനിൽ ഉൾക്കൊള്ളിച്ചുകൊണ്ട് മുൻ ഗ്രന്ഥങ്ങളെ സത്യപ്പെടുത്തുകയാണ് ചെയ്തത്. വിശുദ്ധഖുർആൻ സംരക്ഷിക്കപ്പെടും എന്ന് പറഞ്ഞു കൊണ്ട് ഭാവിയിൽ ഈ ഗ്രന്ഥം എല്ലാവിധ മാറ്റിത്തിരുത്ത ലുകളിൽ നിന്നും ഖിയാമത്ത് നാൾവരെ സുരക്ഷിതമായി രിക്കും എന്നും സ്ഥാപിച്ചിരിക്കുകയാണ്. ഈ ആയത്തിൽ പറഞ്ഞ മറ്റൊരു കാര്യം എല്ലാ പ്രവാചകന്മാരിലും വിശ്വസി ക്കുക എന്നതാണ്. എല്ലാ പ്രവാചകന്മാരെയും വിശ്വസി ക്കണം എന്ന അദ്ധ്യാപനം ഇസ്‌ലാമിന്റെ പ്രത്യേകത യാണ്. മുൻ കഴിഞ്ഞ എല്ലാ പ്രവാചന്മാരിലും വിശ്വസി ക്കുക എന്നല്ല ഇവിടെ പറഞ്ഞത്. മറിച്ച് പ്രവാചകന്മാരിൽ വിശ്വസിക്കാനാണ് പറഞ്ഞിരിക്കുന്നത്. വിശുദ്ധഖുർആനും തിരുനബി(സ)വും വാഗ്ദത്ത മസീഹിന് വരാനുള്ള വഴി തുറന്നിട്ടിരിക്കുകയാണ്. ഈ വഴി തുറന്നിട്ടുകൊണ്ട് ഭാവി യിൽ വരാൻ പോകുന്ന പ്രവാചകൻമാരെ അംഗീകരി ക്കാനും അവരെ വിശ്വസിക്കാനും നിർദ്ദേശിക്കുക കൂടി യാണ് ചെയ്യുന്നത്.

എന്നാൽ വാഗ്ദത്ത മസീഹിനെ വിശ്വസിക്കാതിരി ക്കുക എന്നത് ഇന്നത്തെ നാമധാരികളായ മുസ്‌ലിം പണ്ഡിതന്മാരുടെ ദൗർഭാഗ്യമെന്നല്ലാതെ എന്തുപറ യാൻ. അല്ലാഹുവിന്റെ നിയതി നിയമപ്രകാരം ഇതുവരെ പ്രവാചകന്മാർ അവതരിച്ച രീതിയിൽനിന്നും വ്യത്യസ്ത മായി അവന്റെ നിയമത്തിന് വിരുദ്ധമായി വാഗ്ദത്ത മസീഹ് അവതരിക്കണമെന്നാണ് ഇക്കൂട്ടർ പറയുന്നത്. വിശുദ്ധഖുർആനിൽ വിശ്വസിക്കുന്നുണ്ടെന്ന് വാദിക്കുന്ന തോടൊപ്പം ഈസ(അ) മരിച്ചുപോയിട്ടുണ്ടെന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞ സത്യത്തെ ഇക്കൂട്ടർ നിരാ കരിക്കുകയാണ് ചെയ്യുന്നതാണ്. ഈ ലോകത്തേക്ക് വരുന്ന ആരും ജീവനോടെ ആകാശത്തേക്ക് കയറിപ്പോ കാറില്ല. അവരുടെ ആത്മാവാണ് പോകാറുള്ളത്. ഇവി ടേക്ക് വരുന്ന ഓരോന്നും നശിക്കുന്നതാണ്. ഇവർ മസീഹ് മൗഊദ്(അ)നെ നിഷേധിച്ചുകൊണ്ട് എല്ലാ റസൂൽമാരെ യും അംഗീകരിക്കണം എന്ന കൽപ്പനയെ നിഷേധിക്കു ക യാണ് ചെയ്യുന്നത്. കാരണം പ്രസ്തുത ആയത്തിൽ എല്ലാ റസൂൽമാരെയും വിശ്വസിക്കണം എന്നാണ് പറഞ്ഞി രി ക്കുന്നത്. ഇവർ അൽപ്പജ്ഞാനികളായ സാധാരണ മുസ് ലിംകളെ തങ്ങളുടെ കൂടെ കൂട്ടി അവരുടെ വിശ്വാസ ത്തിലും പോറലേൽപ്പിക്കുന്നു. ഇവർ ഖുർആനും ഹദീ സും എല്ലാം വായിക്കുന്നവരാണ്. അതിനാൽ ഈ യാഥാ ർത്ഥ്യം ഇവർ മനസ്സിലാക്കേണ്ടതാണ്. ഖുർആനിലും

ഹദീസുകളിലും ഇക്കാര്യങ്ങളെ കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടായിട്ടുകൂടി ഇവർ ഇതൊന്നും മനസ്സിലാക്കുന്നില്ല. മുൻപ് പ്രവാചകന്മാർ ഏതുരീതിയിലാണോ വന്നിട്ടുള്ളത് അതേ രീതിയിൽ തന്നെയാണ് വാഗ്ദത്തമസീഹും വരിക എന്ന കാര്യം ഇവർ മനസ്സിലാക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൈവനിയോഗിതനാണെന്ന് വാദിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള തെളിവുകളും ആ മഹാത്മാവ് നിരത്തിയിട്ടുണ്ട്. അല്ലാഹുവിന്റെ പ്രകടമായ സാക്ഷ്യം ഇതിനെ സത്യപ്പെടുത്തുന്നുണ്ട്. അതിനാൽ ഇനിയെങ്കിലും ഇക്കൂട്ടർ കാര്യങ്ങൾ മനസ്സിലാക്കി വാഗ്ദത്ത മസീഹിനെ വിശ്വസിക്കുകയും അങ്ങിനെ വിശ്വാസികളുടെ ഗണത്തിൽ പ്രവേശിക്കുകയും ചെയ്യേണ്ടതാണ്. അതിനു ശേഷമാണ് ഈ ആയത്തിൽ തുടർന്ന് പറയുന്ന غُفْرَانَكَ رَبَّنَا ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് നീ പൊറുത്തു തരേണമേ. എന്ന പ്രാർത്ഥനക്ക് ഇവരെ അർഹരാക്കിത്തീർക്കുന്നത്. അല്ലാഹുവിലേക്ക് മടങ്ങിച്ചെല്ലുമ്പോൾ അല്ലാഹുവിന്റെ സ്വർഗത്തിന്റെ അവകാശികളായി അവർ മാറുകയും ചെയ്യുന്നതാണ്. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കുവാൻ നമ്മുടെ മുസ്ലിം സഹോദരന്മാർക്ക് അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. അടുത്ത ആയത്തിന്റെ തുടക്കത്തിൽതന്നെ അല്ലാഹു പറയുന്നത് لَا يُكَلِّفُ ٱللَّهُ نَفْسًا إِلَّا وُسْعَهَا എന്നാണ്. അതായത് അല്ലാഹു നൽകുന്ന കൽപ്പനകളെല്ലാം പ്രാവർത്തികമാക്കാനുള്ള കഴിവ് മനുഷ്യനുണ്ട്. മനുഷ്യകഴിവുകൾക്കതീതമായ ഒരു കൽപ്പനയും തന്നെ അല്ലാഹു നൽകാറേ ഇല്ല. ജനങ്ങൾ പറയാറുണ്ട്, 'ഇന്ന കൽപ്പന വളരെ പ്രയാസമാണ്, ചെയ്യാൻ കഴിയില്ല'. എന്നാൽ അല്ലാഹു പറയുന്നത് മനുഷ്യന് ചെയ്യാൻ കഴിയാത്ത ഒരു കൽപ്പനയും ഞാൻ നൽകിയിട്ടില്ല എന്നാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിക്കുന്നു.

കൽപ്പനകൾ പ്രാവർത്തികമാക്കുമ്പോഴും ധാർമ്മിക ഗുണങ്ങൾ സ്വായത്തമാക്കുമ്പോഴും ആരാധനകൾ നിർവ്വഹിക്കുമ്പോഴും തിരുനബി(സ)യെ പിൻപറ്റണം എന്ന് നാം കൽപ്പിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് തിരുനബി(സ)യുടെ ഉന്നതസ്ഥാനങ്ങളെ പ്രതിച്ഛായരൂപത്തിൽ സ്വീകരിക്കാനുള്ള കഴിവ് നമുക്ക് നൽകിയിട്ടില്ലായിരുന്നുവെങ്കിൽ ഉത്തുംഗതയിൽ വിരാജിക്കുന്ന ആ പ്രവാചകനെ പിൻപറ്റാൻ നമ്മോട് ഒരിക്കലും കൽപ്പിക്കുമായിരുന്നില്ല. നമ്മുടെ കഴിവിന്നതീതമായ ഒരു കൽപ്പനയും തന്നെ നമ്മോട് പറയില്ല. അല്ലാഹു പറയുന്നു,

لَا يُكَلِّفُ ٱللَّهُ نَفْسًا إِلَّا وُسْعَهَا

ഈ രണ്ട് ആയത്തുകൾ മതിയാകുന്നതാണ് എന്ന് പറഞ്ഞതിന്റെ ഉദ്ദേശം അവ രണ്ടും ഓതിക്കഴിഞ്ഞാൽ എല്ലാം ആയി എന്ന അർത്ഥത്തിലല്ല, മറിച്ച് അത് പ്രാവർത്തികമാക്കുമ്പോഴാണ് മതിയായിത്തീരുന്നത്. ആദ്യത്തെ ആയത്തിൽ ഈമാൻ സുദൃഢമാക്കുന്ന കാര്യം പറയുന്നു. വിശ്വാസം സുദൃഢമായിക്കഴിഞ്ഞ ഒരു വ്യക്തിക്ക് അല്ലാഹുവിന്റെ ചില കൽപ്പനകൾ സ്വീകരിക്കാനും ചിലത് തള്ളിക്കളയാനും സാധ്യമല്ല. അല്ലാഹു നമ്മോട് പറയുന്നത് നിങ്ങൾക്കുള്ള മാതൃക തിരുനബി(സ) ആണെന്നാണ്. അതുകൊണ്ട് ഈമാനിന്റെ ഉയരങ്ങൾ എത്തിപ്പിടിക്കാൻ ഈ മാതൃക പിൻപറ്റിക്കൊണ്ട് വഴികണ്ടെത്തുക. ചില കൽപ്പനകൾ തങ്ങളുടെ കഴിവിന്നതീതമാണെന്ന ചിന്ത ഒരിക്കലും ഉണ്ടാകരുത്. പ്രയാസമുള്ള സന്ദർഭങ്ങളിൽ അല്ലാഹു പല ഇളവുകളും ചെയ്തുതന്നിട്ടുണ്ട്. ഏറ്റവും കൂടുതൽ ഇളവുകൾ നൽകിയിട്ടുള്ളത് ഇസ്ലാമാണ്. ചില കൽപ്പനകൾ തങ്ങളുടെ പരിധിക്കപ്പുറത്താണെന്ന് ഒരിക്കലും പറയാൻ സാധ്യമല്ല. മതകാര്യങ്ങളിൽ ആവശ്യത്തിൽ കൂടുതൽ എളുപ്പം ആഗ്രഹിക്കാതിരിക്കുകയാണെങ്കിൽ ഒരു കൽപ്പനയും മനുഷ്യന് ഭാരമായിത്തോന്നില്ല. ഭൗതിക കാര്യങ്ങൾക്കായി മനുഷ്യന് പ്രയത്നിക്കാമെങ്കിൽ ദീനി കാര്യങ്ങളിൽ എന്തുകൊണ്ട് പ്രയത്നിച്ചുകൂടാ?

ചുരുക്കത്തിൽ ഈ അവസാനത്തെ രണ്ട് ആയത്തുകൾ ഉരുവിട്ടുകൊണ്ട് മറ്റെല്ലാ കടമകളിൽനിന്നും മോചിതരായെന്ന ധാരണ ഉണ്ടാകാൻ പാടില്ല. ശ്രദ്ധാപൂർവ്വം ഈ രണ്ട് ആയത്തുകൾ പാരായണം ചെയ്യുന്നവർ ഇതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യും. രാത്രിയുടെ അന്ത്യയാമങ്ങളിലുള്ള നമസ്കാരത്തിൽനിന്നും ഒഴിഞ്ഞുമാറാൻ നമുക്ക് സാധ്യമല്ല. കാരണം തിരുനബി(സ) അതിന്റെ മാതൃക നമ്മുടെ മുമ്പാകെ വെച്ചിട്ടുണ്ട്. തിരുനബി(സ)യുടെ മാതൃക നമുക്ക് പിൻപറ്റാനുള്ളതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയും ചെയ്തിട്ടുണ്ട്. ഈ ഹദീസിന്റെ ഉദ്ദേശം ഇതാണ്. ഈ രണ്ട് ആയത്തുകളെ കുറിച്ച് ചിന്തിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിശ്വാസത്തിൽ വർദ്ധനവുണ്ടാകുന്നതാണ്. ഇതുകാരണം ആരാധനക്കായി രാത്രികളിൽ എഴുന്നേൽക്കുന്നതും ഉറക്കം നഷ്ടപ്പെടുന്നതും ഒന്നും ഒരു ഭാരമായിത്തോന്നുന്നതുമല്ല.

ബുഖാരിയിൽ വന്ന ഹദീസിന്റെ വചനങ്ങൾ ഇപ്രകാരമാണ്.

مَنْ قَرَأَ بِالْآيَتَيْنِ مِنْ آخِرِ سُوْرَةِ الْبَقَرَةِ فِيْ لَيْلَةٍ كَفَتَاهُ

രാത്രിയിൽ സൂറ: ബഖറയുടെ അവസാനത്തെ രണ്ട് ആയത്തുകൾ പാരായണം ചെയ്യുന്നവന് ഈ രണ്ട് ആയത്തുകളും മതിയാകുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹവും സഹായവും ഉണ്ടാവുമ്പോൾ വിശ്വാസത്തിൽ ഉന്നതിയുണ്ടായിത്തീരുന്നു. അതോടൊപ്പം ഇബാദത്തുകളിലേക്കും സദ്പ്രവർത്തനങ്ങളിലേക്കും ശ്രദ്ധയുണ്ടാവുകയും ചെയ്യുന്നു.

ഈ ആയത്തിൽ അല്ലാഹു ഒരു സ്ഥലത്ത് പറയുന്നു, 'ആർക്കും തന്നെ അവർക്ക് വഹിക്കാൻ കഴിയാത്ത ഭാരം നാം നൽകാറില്ല' എന്ന്. എന്നാൽ തുടർന്ന് പറയുന്നത്, لَهَا مَا كَسَبَتْ وَعَلَيْهَا مَا ٱكْتَسَبَتْ അതായത് മനുഷ്യൻ സദ്പ്രവൃത്തി ചെയ്യുകയാണെങ്കിൽ അതിന്റെ ഫലം അവന് ലഭിക്കുന്നതാണ്. ദുഷ്പ്രവൃത്തി ചെയ്യുകയാണെങ്കിൽ അതിന്റെ തിക്തഫലവും അവൻ അനുഭവിക്കുന്നതാണ്. എന്തിനാണ് അല്ലാഹു ഇവിടെ ഇങ്ങിനെ പറഞ്ഞത്? ഇവിടെ നാം മനസ്സിലാക്കേണ്ടത് ആയത്തുകൾ ഓതിയതു കൊണ്ട് മാത്രം പ്രയോജനമില്ല എന്നാണ്. അതോ

ടൊപ്പം തന്നെ നമ്മുടെ ആരാധനകളെ കുറിച്ചും പ്രവർത്തനങ്ങളെ കുറിച്ചും എപ്പോഴും നാം വീക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഈ ഒരു ശ്രദ്ധയുണ്ടാകുമ്പോൾ അല്ലാഹുവിന്റെ സ്നേഹദൃഷ്ടി തന്റെ ദാസനിൽ ഉണ്ടാകുന്നതാണ്. അല്ലാഹുവിന്റെ ദാസൻ വിശ്വാസത്തിൽ വർദ്ധനവുണ്ടാക്കുമ്പോൾ അത് അവനെ അല്ലാഹുവിന്റെ സമീപത്തേക്ക് കൊണ്ടുപോകുന്നതാണ്. അത് അവന്റെ പാപപ്പൊറുതിക്ക് കാരണമായിത്തീരുന്നതാണ്. ക്രിസ്തീയ വിശ്വാസം പോലുള്ള പാപപരിഹാരസിദ്ധാന്തത്തിന്റെ ആവശ്യമില്ല. ഈ ആയത്തുകൾ നിത്യവും പാരായണം ചെയ്യുമ്പോൾ നന്മകൾ കരസ്ഥമാക്കുന്നതിലേക്ക് നമ്മുടെ ശ്രദ്ധ തിരിയുന്നതാണ്.

ഒരു വിശ്വാസി രാത്രിയിൽ തന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതാണ്. തനിക്ക് ഇന്ന് ഏതെല്ലാം നന്മകൾ ചെയ്യാൻ സാധിച്ചു എന്നും ഏതെല്ലാം തിന്മകളാണ് എന്നിൽ നിന്നുണ്ടായതെന്നും അവൻ കണക്കെടുപ്പ് നടത്തും. കൂടുതലും നന്മകളാണ് അവൻ ചെയ്തിട്ടുള്ളതെങ്കിൽ, പകൽ അല്ലാഹുവിനെ ഭയന്നുകൊണ്ടാണ് കഴിച്ചുകൂട്ടിയതെങ്കിൽ കൃതജ്ഞതാപ്രകടനത്തോടെ അവൻ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുന്നതാണ്.

ആത്മപരിശോധന നടത്തുമ്പോൾ ഒരു വിശ്വാസിക്ക് തന്റെ ആത്മാവ് തന്നെ വഞ്ചിക്കുന്നതാണോ എന്ന ചിന്തയും ഉള്ളതുകൊണ്ട് അവൻ അല്ലാഹുവിനോട് ഇപ്രകാരം പ്രാർത്ഥിക്കുന്നതാണ്; അല്ലാഹുവേ ഞാൻ രാത്രി ആത്മപരിശോധന നടത്തിയപ്പോൾ നന്മകളാണ് എനിക്ക് കാണാൻ സാധിച്ചത്. ഇത് എന്റെ ആത്മവഞ്ചനയാണെങ്കിൽ എന്നോട് നീ കരുണ ചൊരിയുകയും എനിക്ക് നീ പൊറുത്തുതരികയും ചെയ്യേണമേ. എനിക്ക് നന്മ ചെയ്യാനുള്ള തൗഫീഖ് നൽകുകയും ചെയ്യേണമേ. ഇനി അവൻ ആത്മപരിശോധന നടത്തിയപ്പോൾ തിന്മകളാണ് കൂടുതലും ചെയ്തിട്ടുള്ളതെന്ന് അവന് ബോധ്യമായാൽ അവൻ അല്ലാഹുവിന്റെ സവിധത്തിൽ പാപപ്പൊറുതിക്കായും കാരുണ്യലബ്ദിക്കായും കുമ്പിടുന്നു. ഈ ആയത്തിന്റെ തുടർന്നുള്ള വചനങ്ങൾ ഈ യാഥാർത്ഥ്യത്തിലേക്കാണ് വെളിച്ചം വീശുന്നത്. ഇത് നമ്മെ ദുആ ചെയ്യുന്നതിന് പ്രേരിപ്പിക്കുന്നു. നഫ്സിന്റെ വിശുദ്ധീകരണത്തിന് ഈ വചനങ്ങളും വളരെ പ്രയോജനപ്രദമാണ്. നമ്മുടെ ആത്മാവിനെ വിശുദ്ധീകരിക്കുമ്പോഴാണ് നമുക്ക് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാകുന്നത്. പ്രാർത്ഥനയിലൂടെ ദാസൻ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നു. ഈ പ്രാർത്ഥനകൾ അല്ലാഹു സ്വയം നമുക്ക് പഠിപ്പിച്ചുതന്നതുകാരണം സദുദ്ദേശ്യത്തോടുകൂടി നാം ഇത് ചെയ്യുകയാണെങ്കിൽ ഹൃദയത്തിന്റെ അന്തരാളങ്ങളിൽ നിന്ന് പുറപ്പെടുന്ന പ്രാർത്ഥനകളാണെങ്കിൽ തീർച്ചയായും ദൈവസവിധത്തിൽ ഇവ സ്വീകാര്യയോഗ്യമാകുന്നതാണ്. ആദ്യം നമ്മെ പഠിപ്പിക്കുന്ന ദുആ ഇതാണ്;

رَبَّنَا لَا تُؤَاخِذْنَآ إِن نَّسِينَآ أَوْ أَخْطَأْنَا *ഞങ്ങളുടെ നാഥാ! ഞങ്ങളിൽ നിന്ന് വല്ല മറവിയും സംഭവിച്ചിട്ടുണ്ടെങ്കിൽ, വല്ല തെറ്റും ഞങ്ങളിൽനിന്ന് വന്നിട്ടുണ്ടെങ്കിൽ ഞങ്ങളെ നീ നശിപ്പിക്കരുതേ.*

ഒരു വിശ്വാസി ഇപ്രകാരം പ്രാർത്ഥിക്കുന്നു, അല്ലാഹുവേ! ഞങ്ങൾ ഞങ്ങളുടെ വിശ്വാസത്തിൽ വർദ്ധനവുണ്ടാക്കാനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഞങ്ങളുടെ ആരാധനയുടെ നിലവാരം ഉയർത്താനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. നിന്റെ എല്ലാ കൽപ്പനകളും നടപ്പിൽ വരുത്താൻ എപ്പോഴും പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. സൃഷ്ടികളോടുള്ള കടമകൾ നിർവ്വഹിക്കുന്നതിലും എപ്പോഴും ശ്രദ്ധ ചെലുത്തുന്നുണ്ട്. എല്ലാം ഞങ്ങൾ ചെയ്യുന്നുണ്ടെങ്കിലും ഒരു മനുഷ്യൻ എന്ന നിലക്ക് ഞങ്ങളിൽ നിന്ന് അറിയാതെയോ അതല്ല ഞങ്ങളുടെ അലസത കാരണമായോ ഈ പ്രവർത്തനങ്ങളിൽ വല്ല കുറവും വന്നിട്ടുണ്ടെങ്കിൽ അതുമല്ലെങ്കിൽ ഈ പ്രവർത്തനത്തിനിടയിൽ വല്ല തെറ്റും വന്നു പോയിട്ടുണ്ടെങ്കിൽ നീ ഞങ്ങളെ പിടിക്കരുതേ. നന്മകൾ ചെയ്യുമ്പോൾ പിശാച് നമ്മേ വഴിതെറ്റിക്കാൻ ശ്രമിക്കും. നാം ചെയ്യുന്ന നന്മകൾ ഒരു പക്ഷെ മറ്റുള്ളവർക്ക് പ്രയാസത്തിന് കാരണമായേക്കാം. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നത് നിങ്ങൾ ദാനധർമ്മങ്ങൾ ചെയ്യുമ്പോൾ അത് മറ്റുള്ളവരെ പ്രയാസത്തിൽ അകപ്പെടുന്ന തരത്തിലുള്ളതോ ചെയ്ത ഉപകാരം എടുത്ത് പറഞ്ഞു കൊണ്ട് മറ്റുള്ളവരെ വേദനിപ്പിക്കുന്ന തരത്തിലുള്ളതോ ആകരുതെന്നാണ്. ഇങ്ങനെയുള്ള നന്മകൾ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അതു കൊണ്ട് ഇപ്രകാരം ദുആ ചെയ്യുക, 'അല്ലാഹുവേ നിന്റെ കാരുണ്യംകൊണ്ട് നീ ഞങ്ങളെ നേരായ പാതയിൽ ചരിപ്പിക്കേണമെ. ഞങ്ങളുടെ ഓരോ പ്രവൃത്തിയും നിന്റെ പ്രീതി കരസ്ഥമാക്കുന്ന തരത്തിലുള്ളതാക്കി തീർക്കേണമേ.'

തുടർന്ന് അല്ലാഹു പറയുന്നു,

رَبَّنَا وَلَا تَحْمِلْ عَلَيْنَآ إِصْرًا كَمَا حَمَلْتَهُۥ عَلَى ٱلَّذِينَ مِن قَبْلِنَا

*ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞു കടന്നവർക്ക് നീ നൽകിയതുപോലുള്ള ഉത്തരവാദിങ്ങൾ നീ ഞങ്ങളിൽ ഇടരുതേ. നിന്റെ പ്രീതിക്ക് വിരുദ്ധമായ ഒരു പ്രവർത്തനവും ഞങ്ങളിൽനിന്ന് വരാതിരിക്കട്ടെ. നിന്റെ കൽപ്പനകൾ എപ്പോഴും നടപ്പിൽ വരുത്തുന്നവരിൽ ഞങ്ങൾ ഉൾപ്പെടുമാറാകട്ടെ.*

ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുകടന്നവരെപ്പോലെ നിന്റെ കൽപ്പനകളെ പിൻപുറം തള്ളുന്നവരായി ഞങ്ങൾ മാറരുതേ. നിന്റെ കൽപ്പനകൾ പിൻപുറം തള്ളിയതിന്റെ ഫലമായി അവർ നിന്റെ കോപത്തിന് പാത്രീഭവിക്കുകയുണ്ടായി. ഞങ്ങൾക്ക് ഓരോ പ്രവൃത്തി ചെയ്യുന്നതിനും നിന്റെ സഹായത്തിന്റെ ആവശ്യമുണ്ട്. ഞങ്ങളുടെ ഏതെങ്കിലും പ്രവർത്തനത്തിന്റെ വൈകല്യം ഞങ്ങളെ നിന്നിൽ നിന്നും അകറ്റുന്ന ഒരു നിമിഷവും ഞങ്ങളുടെ ജീവിതത്തിൽ വരാതിരിക്കട്ടെ. എപ്പോഴും നിന്റെ കൽപ്പനകൾ നടപ്പിൽ വരുത്തുന്നവരായി ഞങ്ങൾ മാറട്ടെ. അല്ലാഹു മനുഷ്യന് വഹിക്കാൻ കഴിയാത്ത ഒരു ഭാരവും തന്നെ നൽകുന്നില്ല. യഥാർത്ഥത്തിൽ മനുഷ്യനെ നന്മകളിൽ നിന്ന് വിട്ട് നിർത്തുന്നത് അവന്റെ അലസതയും അലംഭാവവുമാണ്. മുമ്പുള്ള സമുദായങ്ങൾ നിന്നോട് ചെയ്തിരിക്കുന്ന കരാറുകളെ ലംഘിച്ചതുകാരണം അവർ നിന്റെ ശിക്ഷക്ക്

പാത്രമാവുകയുണ്ടായി. അല്ലാഹുവേ, അതേപോലെ നിന്നോട് ചെയ്തിരിക്കുന്ന കരാറുകളെ ലംഘിക്കുന്നവരിൽ നീ ഞങ്ങളെ ഉൾപ്പെടുത്തതേ. إِصْرًا എന്ന പദത്തിന് വിവിധ അർത്ഥങ്ങളുണ്ട്. അതിൽ ഒന്ന് കരാറുകൾ ഉടമ്പടികൾ എന്നതാണ്. ഈ അടിസ്ഥാനത്തിലാണ് ഞാൻ ഇപ്പോൾ സംസാരിച്ചത്. മറ്റൊരർത്ഥം വളരെ ബുദ്ധിമുട്ടുള്ള കരാറ് എന്നാണ്. ഭാരിച്ച ഉത്തരവാദിത്തം, ഈ ഉത്തരവാദിത്തം നിർവ്വഹിച്ചിട്ടില്ലെങ്കിൽ ശിക്ഷ ലഭിക്കുന്നതാണ്. തിന്മ എന്നും ഇതിന് അർത്ഥമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു വിശ്വാസി പ്രാർത്ഥിക്കുന്നത് ഇപ്രകാരമാണ്. *അല്ലാഹുവേ മുമ്പുള്ളവർ അവരുടെ വാഗ്ദാനങ്ങൾ പൂർത്തിയാക്കാതെ, ഉടമ്പടികൾ പാലിക്കാതെ, കൽപ്പനകൾ അനുസരിച്ച് പ്രവർത്തിക്കാതെ നിന്റെ കോപത്തിന് പാത്രമാകുകയുണ്ടായി. അല്ലാഹുവേ! അങ്ങിനെയുള്ള പ്രവൃത്തികളിൽ നിന്ന് നീ ഞങ്ങളെ രക്ഷിക്കേണമേ.*

തുടർന്ന് അല്ലാഹു പറയുന്നു;

رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِۦ

*ഞങ്ങളുടെ നാഥാ ഞങ്ങൾക്ക് വഹിക്കാൻ കഴിയാത്ത ഭാരം നീ ഞങ്ങളിൽ ചുമത്തരുതേ.* അല്ലാഹു ചില സന്ദർഭങ്ങളിൽ ഭൗതികമായ രീതിയിൽ തന്റെ ദാസരെ പരീക്ഷിക്കുന്നു. അതുകൊണ്ട് നമുക്ക് നേരിടാൻ ശക്തിയില്ലാത്ത പരീക്ഷണങ്ങളിൽ അല്ലാഹു അകപ്പെടുത്തരുതേ എന്നും പ്രാർത്ഥിക്കുന്നു. ആത്മീയപരീക്ഷണങ്ങളിൽ നിന്ന് രക്ഷപ്പെടാൻ ദുആ ചെയ്യേണ്ടതാണ്. മനുഷ്യൻ നല്ല അവസ്ഥയിലാകുമ്പോൾ അല്ലാഹുവിനെ മറന്നുള്ള അവസ്ഥ ഉണ്ടാകരുത്. ചില സന്ദർഭങ്ങളിൽ ഭൗതികപരീക്ഷണങ്ങൾ ആത്മീയമായ പരീക്ഷണങ്ങളിൽ അകപ്പെടുത്തിക്കളയാറുണ്ട്. ഇനി അല്ലാഹു ഏതെങ്കിലും പരീക്ഷണത്തിൽ നമ്മേ അകപ്പെടുത്തുകയാണെങ്കിൽതന്നെ അതിൽ വിജയം വരിക്കുവാനുള്ള കഴിവ് ലഭിക്കുന്നതിന്നായും പ്രാർത്ഥിക്കേണ്ടതാണ്. ധനം മുഖേനയും മക്കൾ മുഖേനയും മറ്റു പല മാർഗങ്ങളിലൂടെയും അല്ലാഹു പരീക്ഷിക്കുന്നു. അതിനാൽ ഏതവസ്ഥയിലും അല്ലാഹുവിന്റെ സംരക്ഷണത്തിൽ വരാൻ ഒരു മുഅ്മിൻ ശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. രണ്ട് രീതിയിലുള്ള പരീക്ഷണങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിന്നായി നമുക്ക് ഇപ്രകാരം ദുആ പഠിപ്പി ച്ചിരിക്കുന്നു.

وَٱعْفُ عَنَّا അവർ ഇപ്രകാരം കേണപേക്ഷിക്കുന്നു, നാഥാ! *അറിഞ്ഞോ അറിയാതെയോ ഞങ്ങൾ ചെയ്തു തീർക്കേണ്ട പ്രവർത്തികൾ ചെയ്തിട്ടില്ലെങ്കിൽ, ഇതു കാരണമാണ് ഞങ്ങൾക്ക് പരീക്ഷണം വന്നിട്ടുള്ളതെങ്കിൽ നീ ഞങ്ങളുടെ ന്യൂനതകൾ മറച്ചുവെച്ചുകൊണ്ട് ഞങ്ങൾക്ക് പൊറുത്തുതരേണമേ, അതിന്റെ ദുഷ്ഫലങ്ങളിൽനിന്ന് ഞങ്ങളെ രക്ഷിക്കേണമേ.*

തുടർന്ന് പറയുന്നു, നിങ്ങൾ ഇപ്രകാരവും ദുആ ചെയ്യുക, وَٱغْفِرْ لَنَا *ഞങ്ങൾക്ക് നീ പൊറുത്തു തരേണമേ.* **ഗഫറ** എന്നതിന്റെ അർത്ഥം മൂടിവെക്കുക, കാര്യങ്ങൾ ശരിയാക്കുക, മായ്ച്ചുകളയുക, എന്നിവയാണ്. അപ്പോൾ നാം ദുആ ചെയ്യുന്നത്, അല്ലാഹുവേ നിന്റെ പക്കൽ ഞങ്ങളുടെ തെറ്റായ ഓരോ പ്രവൃത്തിയും നീ മാപ്പാക്കിക്കൊണ്ട് അതിന്റെ ദുഷ്ഫലങ്ങൾ ഞങ്ങളിൽ നിന്നും മായ്ച്ചു കളയേണമേ. അത് നീ അവസാനിപ്പിക്കുകയും ഭാവിയിൽ ഞങ്ങൾക്ക് ഞങ്ങളുടെ കാര്യങ്ങൾ ശരിയാക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള തൗഫീഖ് നൽകുകയും ചെയ്യണമേ. ഞങ്ങളുടെ തെറ്റുകൾ ഒരിക്കലും നിന്റെ കോപത്തെ വിളിച്ചുവരുത്തുന്നതാകാതിരിക്കട്ടെ.

അതിനുശേഷമുള്ള ദുആ وَٱرْحَمْنَآ എന്നതാണ്. ഞങ്ങളോട് നീ കരുണകാണിക്കേണമെ. ഞങ്ങളോട് ആർദ്രതയോടെ പെരുമാറണമേ. ഞങ്ങളുടെ തെറ്റുകളെ നിന്റെ കാരുണ്യം ഒന്നുകൊണ്ട് മാത്രം നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഭാവിയിൽ ഞങ്ങളുടെ തെറ്റുകളിൽനിന്ന് രക്ഷപ്പെടാനും നിന്റെ പ്രീതി കരസ്ഥമാക്കാനുതകുന്ന പ്രവർത്തനങ്ങൾ ചെയ്യാനുമുള്ള തൗഫീഖ് നീ ഞങ്ങ ൾക്ക് നിന്റെ കൃപയാൽ കനിഞ്ഞരുളേണമേ. അങ്ങിനെ എപ്പോഴും നിന്റെ പ്രീതി കരസ്ഥമാക്കുന്നവരിൽ ഞങ്ങൾ ഉൾപ്പെടുമാറാകട്ടെ. ഈ തെറ്റുകൾ കാരണമായി ഞങ്ങളുടെ വിജയത്തിലേക്കുള്ള പ്രയാണം മന്ദീഭവിക്കാതിരിക്കട്ടെ. ഞങ്ങളുടെ തെറ്റുകൾ കാരണം ഞങ്ങളുടെ വിജയങ്ങൾ തടയപ്പെടാതിരിക്കട്ടെ. أَنتَ مَوْلَىٰنَا നീയാണ് ഞങ്ങളുടെ യജമാനൻ. ഞങ്ങളോട് പൊറുക്കുകയും ക്ഷമിക്കുകയും ചെയ്യുന്നവൻ നീ അല്ലാതെ മറ്റാരുമല്ല. തന്റെ ദാസരോട് കരുണകാണിക്കുന്നവനും അവരുടെ ന്യൂനതകൾ മറച്ചു വെക്കുന്നവനും അല്ലാഹുവിന്റെ അസ്തിത്വം ഒന്ന് മാത്രമാണ്. ഞങ്ങളുടെ വ്യക്തിപരമായ ബലഹീനതകൾ കാരണം ഒരിക്കലും ജമാഅത്തിന് ദുഷ്പേര് ഉണ്ടാകാതിരിക്കട്ടെ. ചില സന്ദർഭങ്ങളിൽ ഏതെങ്കിലും ഒരു വ്യക്തിയുടെ ബലഹീനത കാരണം ജനങ്ങൾ ജമാഅത്തിനെ ആക്ഷേപിക്കാറുണ്ട്. ചില സന്ദർഭങ്ങളിൽ ഭാരവാഹികളുടെ ബലഹീനതകൾ കാരണം ജമാഅത്തിന് ദോഷമുണ്ടാകുന്നു. ജമാഅത്തിനെ ആക്ഷേപത്തിന് കുറിമാനമാക്കുന്ന ഒരവസരവും അല്ലാഹുവേ നീ ഉണ്ടാക്കരുതേ. നമ്മുടെ വാദം ഇത് ദൈവീക ജമാഅത്താണെന്നാണ്. അപ്പോൾ ഏതെങ്കിലും വ്യക്തിയുടെയോ ഭാരവാഹിയുടേയോ പ്രവർത്തനവൈകല്യം കാരണം ജനങ്ങൾക്ക് ജമാഅത്തിനുനേരെ വിരൽ ചൂണ്ടാൻ അവസരം ലഭിക്കുകയാണെങ്കിൽ അവർ പറയുക ഇവരുടെ ഈ പ്രവർത്തനം കൊണ്ടാണ് ഇവർക്ക് ഇന്ന രീതിയിൽ ശിക്ഷ ലഭിച്ചത് എന്നാണ്. അപ്പോൾ നാം ദുആ ചെയ്യേണ്ടത്, അല്ലാഹുവേ, ഇങ്ങിനെ ജനങ്ങൾ ഞങ്ങളുടെ ഏതെങ്കിലും ബലഹീനത കാരണം ഞങ്ങൾക്കെതിരിൽ വിരൽ ചൂണ്ടുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്ത് ഞങ്ങളിൽ അർപ്പിച്ചിരിക്കുന്ന ഉത്തരവാദിത്തങ്ങൾ, നിന്റെ സന്ദേശം ലോകത്ത് എത്തിക്കുക എന്ന ജോലി, ഞങ്ങൾക്ക് നിർവ്വഹിക്കാൻ തടസ്സമായിത്തീരുന്നതാണ്. അതുകൊണ്ട് നാഥാ നീ ഞങ്ങളോട് ഒരിക്കലും പരുഷമായി പെരുമാറരുതേ. ഞങ്ങളിൽ വന്നുപോകുന്ന തെറ്റുകളെ നീ ശരിയാക്കിക്കൊണ്ടിരിക്കേണമേ. ഞങ്ങളെ നേർമാർഗ്ഗത്തിൽ ചരിപ്പിക്കുകയും ചെയ്യേണമേ. فَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَـٰفِرِينَ *നിഷേധികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ എപ്പോഴും സഹായിക്കുകയും ചെയ്യേണമേ.*

ഞങ്ങൾ ബലഹീനരാണ്. അതുകൊണ്ട് അവരുടെ മേൽ ഞങ്ങൾക്ക് നീ വിജയം നൽകേണമേ. നിന്റെ കൃപാ കടാക്ഷംകൊണ്ട് മാത്രമേ ഈ വിജയം ഞങ്ങൾക്ക് ലഭിക്കുകയുള്ളൂ. അത്കൊണ്ട് ഞങ്ങളെ വ്യക്തിപരമായും ജമാഅത്ത് തലത്തിലും നിന്റെ പ്രത്യേക സ്നേഹത്തിനും അനുഗ്രഹത്തിനും പാത്രീഭൂതരായവരുടെ ഗണത്തിൽ ഉൾപ്പെടുത്തേണമേ. ഞങ്ങൾക്കും മറ്റുള്ളവർക്കുമിടയിൽ നിന്റെ കാരുണ്യംകൊണ്ട് ഒരു വ്യതിരിക്തത ഉണ്ടാക്കേണമേ. ഞങ്ങളുടെ ഭൗതിക കാര്യങ്ങളും ആത്മീയകാര്യങ്ങളും ഹൃദയത്തിൽ തഖ്‌വയും ഭയവും നിലനിർത്തിക്കൊണ്ട് അനുഷ്ഠിക്കുന്നവരായി ഞങ്ങൾ മാറട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ ഏതൊരു ലക്ഷ്യപ്രാപ്തിക്കായാണോ ഞങ്ങൾ സ്വീകരിച്ചിട്ടുള്ളത് ആ ലക്ഷ്യം പൂർത്തിയാക്കുന്നവരായി ഞങ്ങൾ മാറട്ടെ.

ഈ കാര്യങ്ങളെല്ലാം മനസ്സിൽ വെച്ചുകൊണ്ട് ഈ രണ്ടായത്തുകളും നാം പാരായണം ചെയ്യുകയാണെങ്കിൽ നമുക്ക് ലക്ഷ്യം കരസ്ഥമാക്കാൻ സാധിക്കുന്നതാണ്. ഈ ആയത്തുകളുടെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവരായി നാം മാറുന്നതാണ്. വാക്കുകൾ ഉച്ചരിച്ചതുകൊണ്ടു മാത്രം കാര്യങ്ങൾ നടക്കുന്നതല്ല. അത് മതിയായിത്തീരുന്നതുമല്ല. വിശുദ്ധഖുർആന്റെ വചനങ്ങൾ പാരായണം ചെയ്യുന്നതിൽ അനുഗ്രഹങ്ങൾ ഉണ്ടെന്നതിൽ യാതൊരു സംശയവുമില്ല. എന്നാൽ ഈ അനുഗ്രഹങ്ങൾ സദ്ഹൃദയമുള്ളവർക്കാണ് ലഭിക്കുന്നത്. നന്മ ഇല്ലാത്ത ഹൃദയമാണെങ്കിൽ ചില നമസ്കാരങ്ങൾ നമസ്കാരക്കാരന്റെ മുഖത്തേക്ക് വലിച്ചെറിയപ്പെടുന്നതുപോലെ ഈ വചനങ്ങൾ അത് പാരായണം ചെയ്യുന്നവന്റെ മുഖത്തേക്ക് തന്നെ വലിച്ചെറിയപ്പെടുന്നതാണ്. ഈ ആയത്തുകൾ മുഖേന മനുഷ്യന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണമായ ഒരു കണക്കെടുപ്പ് അവന്റെ മുമ്പിൽ വരുന്നതുകൊണ്ടാണ് ഈ ആയത്ത് മതിയായതാണെന്ന് പറയുന്നത്.

മുകളിൽ പ്രസ്താവിക്കപ്പെട്ട ഹദീസിന്റെ പൊരുൾ നമുക്കിവിടെ മനസ്സിലാകുന്നു. ഈ ആയത്തുകളിൽ പ്രസ്താവിക്കപ്പെട്ടതുപോലെ പ്രവർത്തിക്കുകയും തന്റെ എല്ലാമെല്ലാം അല്ലാഹുവിന്റെ അസ്തിത്വമാണെന്ന് പൂർണ്ണമായും അംഗീകരിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയെകുറിച്ചാണ് തിരുനബി(സ) പറഞ്ഞത് ഈ ആയത്ത് അഥവാ ഈ ആയത്തിനെ ഇറക്കിയവൻ ആ വ്യക്തിക്ക് എല്ലാകാര്യങ്ങൾക്കും മതിയായവനായിത്തീരുന്നതാണ് എന്ന്. അയാളെ തിന്മകളിൽ നിന്ന് രക്ഷപ്പെടുത്തുകയും നന്മകൾ ചെയ്യാനുള്ള കഴിവ് നൽകുകയും ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനുള്ള ഗുണം അവനിൽ ഇട്ടുകൊടുക്കുകയും അവന് ദുഃഖത്തിൽ നിന്ന് സ്വാന്തനം നൽകുകയും പിശാചിൽനിന്ന് അവനെ സംരക്ഷിക്കുകയും ചെയ്യുന്നതാണ്.

ഈ ആയത്തിന്റെ ഉള്ളടക്കം ശരിക്കും മനസ്സിലാക്കിക്കൊണ്ട് അതനുസരിച്ച് പ്രവർത്തിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹുവിന്റെ كَافِى എന്ന ഗുണനാമവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിശുദ്ധഖുർആനിലെ മറ്റായത്തുകൾ കൂടി എടുത്ത് വിശദീകരിക്കാമെന്നാണ് ഞാൻ കരുതിയിരുന്നത്. ഇത് തന്നെ നീണ്ടുപോയത് കൊണ്ട് ബാക്കി ഭാഗം ഇൻശാ അല്ലാഹ് പിന്നീടൊരിക്കൽ പറയുന്നതാണ്.

ഒരു ദുആക്കുള്ള അപേക്ഷ നടത്താൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ രണ്ട് ഖുത്വ്ബകളിലായി ഞാൻ ഇക്കാര്യത്തിലേക്ക് ജമാഅത്തിന്റെ ശ്രദ്ധയെ ക്ഷണിച്ചു കൊണ്ടിരിക്കുകയാണ്. ഫലസ്തീൻ ജനതക്കായി വളരെ കൂടുതൽ ദുആ ചെയ്യുക. അവരുടെ അവസ്ഥ വളരെയധികം വഷളായിക്കൊണ്ടിരിക്കുകയാണ്. ശരിക്കും അവർ ആക്രമണത്തിന്റെ അതിദാരുണമായ ചക്കിലിട്ട് ആട്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഇസ്രായേലിന്റെ അക്രമപ്രവർത്തനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതുവരെ ഇസ്രായേലിനോട് സഹതാപം കാണിച്ചിരുന്ന പലരും ഇപ്പോൾ അവർക്കെതിരിൽ ഒച്ചപ്പാടുണ്ടാക്കാൻ തുടങ്ങിക്കഴിഞ്ഞു. ഈ പ്രതിഷേധങ്ങൾ ഉപരിപ്ലവങ്ങളാണോ അതോ ആത്മാർത്ഥമായതാണോ എന്നറിയില്ല. ഏതായിരുന്നാലും പ്രതിഷേധങ്ങൾ ഉയരുന്നുണ്ട്. മുമ്പ് മൗനം ദീക്ഷിച്ചിരുന്നവർ ഇവർ തന്നെയായിരുന്നു. ഇവർ തുടക്കത്തിൽ തന്നെ നീതിപൂർവ്വമായ സമീപനം സ്വീകരിച്ചിരുന്നുവെങ്കിൽ ഒരിക്കലും ഫലസ്തീൻ ജനത ഈ ഒരു അവസ്ഥയിൽ എത്തുമായിരുന്നില്ല. ഈ രാഷ്ട്രങ്ങളുടെ ഇതുവരെയുള്ള നിശബ്ദത തന്നെ ഈ അക്രമത്തിൽ ഇവരെല്ലാം കൂട്ടുനിൽക്കുന്നുണ്ട് എന്നതിനുള്ള തെളിവാണ്. അവിടെ നിഷ്ക്കളങ്കരായ കുട്ടികളും സ്ത്രീകളും വൃദ്ധജനങ്ങളും നിഷ്ക്കരുണം ശഹീദാ ക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അവർക്ക് കാരുണ്യവും അനുഗ്രഹവും ലഭിക്കുന്നതിന്നായി ദുആ ചെയ്യുക. ഈ മർദ്ദിതർക്കായി നമുക്കിപ്പോൾ ചെയ്യാൻ കഴിയുന്നത് അത് മാത്രമാണ്. യു.എന്നിന്റെ ചില സംഘടനകളും മറ്റും അവിടെയുള്ള രോഗാതുരർക്കും പട്ടിണിപ്പാവങ്ങൾക്കും മരുന്നും ഭക്ഷണവും എത്തിക്കുന്നുണ്ട്. ഈ സംവിധാനം ഉന്നത നിലവാരം പുലർത്തുന്നതല്ലെങ്കിലും കഴിയുന്നത്ര അവർ ചെയ്യുന്നുണ്ട്. പലർക്കും സാധനങ്ങൾ എത്തുന്നുമില്ല. എന്നിരുന്നാലും ഈ ഒരു മാർഗത്തിലൂടെ മാത്രമേ ബാഹ്യമായ രീതിയിൽ ഇവരെ സഹായിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. മറ്റു ചില സംഘടനകളും അവിടെ പ്രവർത്തിക്കുന്നുണ്ട്. അതിനാൽ ആ സംഘടകൾ സഹായാഭ്യർത്ഥന നടത്തുകയാണെങ്കിൽ നാം അവരെ സഹായിക്കേണ്ടതാണ്. ഹ്യൂമാനിറ്റിഫസ്റ്റും കഴിയുന്നത്ര വസ്തുക്കൾ ശേഖരിച്ച് ഇവർക്ക് നൽകുന്നതാണ്. ജമാഅത്ത് തലത്തിലും സഹായം നൽകുന്നതാണ്. അതു കൊണ്ട് കഴിവുള്ള അഹ്മദികൾ ഇതിലേക്ക് സഹായം നൽകേണ്ടതാണ്. ഏറ്റവും കൂടുതൽ നാം ദുആ ചെയ്യുകയാണ് വേണ്ടത്. അല്ലാഹു ഈ നിഷ്കളങ്കരോട് കാരുണ്യം കാണിക്കട്ടെ. അക്രമികളെ അവൻ പിടിക്കുകയും ചെയ്യട്ടെ.

Khuthba
Hadhrat Mirza Masroor Ahmad, Khalifathul Masih V
on 16.01.2009 at Baithul Futuh, London

*Translated by: M.Nasir Ahmad*, Kodiyathur- Mob: 9446151197
Page Layout & Typeset: Majlis Khuddamul Ahmadiyya,Kakkanad
Published by: Majlis Khuddamul Ahmadiyya, Kerala